# ബഹു. കേരള ലോകായുക്ത മുൻപാകെ

വിഷയം:- കോവളം-കഴക്കൂട്ടം ബൈപ്പാസ് റോഡിലെ ടോൾ പിരിവ്-സംബന്ധിച്ച്.

കോവളം-കഴക്കൂട്ടം ബൈപ്പാസ് റോഡിലുള്ള ആക്കുളം പാലത്തിന്റെ ടോൾ പിരിവ് 15 വർഷത്തിലേറെയായി നടത്തിക്കൊണ്ടിരിക്കുകയാണ്. പാലത്തിന്റെ നിർമ്മാണത്തുകയുടെ എത്രയോ ഇരട്ടി തുക ടോൾ ഇനത്തിൽ പിരിച്ചുകഴിഞ്ഞിട്ടുണ്ട്.

പത്തുകോടി രൂപയ്ക്ക് താഴെ നിർമ്മാണചെലവ് വരുന്ന പാലങ്ങൾക്ക് ടോൾ പിരിക്കുന്നത് നിർത്തലാക്കുമെന്ന് സംസ്ഥാന സർക്കാരും, അൻപത് കോടിരൂപയ്ക്ക് താഴെ നിർമ്മാണചെലവ് വരുന്ന പാലങ്ങൾക്ക് ടോൾ പിരിക്കുന്നത് നിർത്തലാക്കുമെന്ന് കേന്ദ്രസർക്കാരും തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എങ്കിലും ആക്കുളം പാലത്തിന്റെ ടോൾ പിരിവ് അന്തമില്ലാതെ തുടരുകയാണ്.

തദ്ദേശവാസികളായ ആളുകൾക്ക് ദിവസവും പലതവണ ഈ ടോൾ ബൂത്ത് കടന്നുപോകേണ്ടതുണ്ട്. അവർ കഴിഞ്ഞ 15 വർഷമായി നിത്യവും ഈ അന്യായപിരിവ് നൽകിവരുന്നു. മാത്രവുമല്ല, ടോൾ പിരിക്കുന്നതിനുവേണ്ടി വാഹനങ്ങൾ തടഞ്ഞിടുന്നതുകാരണം ചാക്ക മുതൽ കഴക്കൂട്ടം വരെ കിലോമീറ്ററുകൾ ദൂരത്തിൽ നിത്യേന ഉണ്ടാകുന്ന യാത്രാ തടസ്സം അസഹനീയവുമാണ്.

ആയതിനാൽ, ആക്കുളം പാലത്തിന്റെ അന്യായ ടോൾ പിരിവ് അടിയന്തിരമായി അവസാനിപ്പിച്ച് സുഗമവും സുരക്ഷിതവുമായ യാത്രയ്ക്കുള്ള വഴിയൊരുക്കണമെന്ന് നാട്ടുകാർക്കുവേണ്ടി അഭ്യർത്ഥിക്കുന്നു.

അനുകൂലമായ മറുപടി പ്രതീക്ഷിച്ചുകൊണ്ട്.

സസ്നേഹം

പൗണ്ട്കടവ്
26.12.2014

സെക്രട്ടറി
കൈരളി നഗർ റസിഡന്റ്സ് അസോസിയേഷൻ